<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 114</u> <u>07-10-2024 - ൽ മറുപടിയ്ക്ക്</u>

<u>തൃശ്ശൂർപൂരം അലങ്കോലമായ സംഭവത്തിലെ അന്വേഷണ റിപ്പോർട്ട്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർപൂരം അലങ്കോലമായ സംഭവത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) | 2024-ലെ തൃശ്ശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച വിവിധ പരാതികളും നിവേദനങ്ങളും അന്വേഷിച്ച എ.ഡി.ജി.പി (L&O) റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ഗൂഢാലോചനയോ ബാഹ്യഇടപെടലോ ഉണ്ടായിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അന്വേഷണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും വിഷയം സംബന്ധിച്ച് കൂടുതൽ സമഗ്രമായ അന്വേഷണം നടത്താൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പൂരം അലങ്കോലമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ വെളിപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി ശ്രീ. എച്ച് വെങ്കിടേഷ് ഐ. പി. എസ്-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം (SIT) രൂപീകരിച്ചും പൂരവുമായി ബന്ധപ്പെട്ട ചുമതല നൽകിയിരുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് ഇന്റലിജൻസ് എ.ഡി.ജി.പി ശ്രീ മനോജ് എബ്രഹാം ഐ.പി.എസ് -നെ ചുമതലപ്പെടുത്തിയും പൂരം നടക്കുന്ന സമയത്ത് തൃശ്ശൂരിൽ തന്നെയുണ്ടായിരുന്ന എ.ഡി.ജി.പി (L&O) യുടെ ഭാഗത്തു നിന്നും പ്രശ്നം പരിഹരിക്കുന്നതിന് ഇടപെടലുകൾ ഉണ്ടായിട്ടില്ലെന്നും അത് അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അതെക്കുറിച്ച് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന |

| | | | |
|---|---|---|---|
| | | | പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പൂരം നടത്തിപ്പിൽ പോലീസിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; | (സി) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സംഭവത്തിൽ ഗൂഢാലോചനയുണ്ടെന്ന ആരോപണത്തിൽ നിഷ്പക്ഷമായ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കാമോ;? | (ഡി) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ